കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ 01-01-2021

## ലൈബ്രറി സയൻസ് ബിരുദധാരികൾക്ക് അക്കാദമിയിൽ അപ്രന്റീസ്ഷിപ്പിന് അവസരം

കേരള സാഹിത്യ അക്കാദമി ലൈബ്രറിയിൽ അപ്രന്റീസ്ഷിപ്പ് ട്രെയിനികളെ നിയമിക്കുന്നു. ഇതനുസരിച്ച് തിരഞ്ഞെടുക്കുന്ന ലൈബ്രറി സയൻസ് ബിരുദധാരികൾക്ക് ഒരു വർഷത്തേയ്ക്ക് ട്രെയിനിങ്ങ് നൽകുന്നതാണ്. രണ്ട് പേർക്കാണ് ഒരു വർഷം ട്രെയിനിങ്ങ് നൽകുന്നത്. ട്രെയിനിങ്ങ് കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് പ്രതിമാസം **6500/-** രൂപ സ്റ്റൈപ്പെന്റായി നൽകും. ലൈബ്രറി സയൻസ് ബിരുദധാരികൾക്ക് മാത്രമാണ് ട്രെയിനിങ്ങ് നൽകുന്നത്. ബിരുദം നേടിയ ശേഷം മൂന്ന് വർഷം കഴിഞ്ഞവരെ ട്രെയിനിങ്ങിന് പരിഗണിക്കുന്നതല്ല. ***മലയാളം അറിയാത്തവരേയും പരിഗണിക്കില്ല.***

താൽപര്യമുള്ള ലൈബ്രറി സയൻസ് ബിരുദധാരികൾ അപേക്ഷ തയ്യാറാക്കി **സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും** ഉൾപ്പെടെ സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ-20 എന്ന വിലാസത്തിൽ അയച്ചുതരിക. അപേക്ഷകൾ 2021 ജനുവരി 20 വരെ സ്വീകരിക്കുന്നതാണ്. കൂടികാഴ്ചയുടെ അടിസ്ഥാനത്തിൽ ആണ് യോഗ്യരായവരെ തിരഞ്ഞെടുക്കുക. അപേക്ഷാഫോം വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ് അഡ്രസ്സ് www.keralasahityaakademi.org.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

(മലയാളത്തിൽ പൂരിപ്പിക്കുക)

# കേരള സാഹിത്യ അക്കാദമി

## ഗ്രന്ഥാലയവിജ്ഞാനം - പഠനപ്രക്രിയ പരിശീലനം

## അപേക്ഷാഫോറം

1. പേര് :
2. മേൽവിലാസം (ഫോൺ നമ്പർ സഹിതം) :
3. അച്ഛന്റെ/അമ്മയുടെ/ ഭർത്താവിന്റെ പേര്* :
4. ലിംഗം (സ്ത്രീ/പുരുഷൻ)* :
5. ജനനതീയതി :
6. ജാതി/മതം :
   (പിന്നോക്ക സമുദായം/പട്ടികജാതി/ പട്ടികവർഗ്ഗം)** :
7. വിദ്യാഭ്യാസയോഗ്യതകൾ ** (ബിരുദം മുതൽ)

| പഠിച്ച വിഷയം / പഠിച്ച സ്ഥാപനം | സർവ്വകലാശാല/ പാസായ വർഷം | ആകെ മാർക്ക് | ലഭിച്ച മാർക്ക് | മാർക്ക് ശതമാനത്തിൽ |
|---|---|---|---|---|
| | | | | |
| | | | | |

8. കംപ്യൂട്ടർ പരിജ്ഞാനം/യോഗ്യത ഉണ്ടെങ്കിൽ അത് :
9. ഏതെങ്കിലും ലൈബ്രറിയിൽ ജോലി ചെയ്ത പരിചയം :
10. മറ്റ് പ്രവൃത്തിപരിചയം :

### സാക്ഷ്യപത്രം

ഞാൻ ..................................................... മേൽ സൂചിപ്പിച്ച എല്ലാ വിവരങ്ങളും എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ്
തീയതി : പേര്

* ആവശ്യമില്ലാത്തവ വെട്ടിക്കളയുക
** ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റേയും യോഗ്യതാസർട്ടിഫിക്കറ്റുകളുടേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അയയ്ക്കുക

## അപേക്ഷാ ഫോറം പൂരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. അപേക്ഷ മലയാളത്തിൽ വ്യക്തമായി പൂരിപ്പിക്കുക.
2. സർട്ടിഫിക്കറ്റുകളുടെയും മാർക്ക്‌ലിസ്റ്റിന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ **നിർബന്ധമായും** അപേക്ഷാഫോമിനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.
3. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷാഫോമിനൊപ്പം വയ്ക്കേണ്ടതാണ്.
4. ലൈബ്രറി സയൻസ് ***ബിരുദധാരികൾ*** മാത്രം അപേക്ഷ സമർപ്പിച്ചാൽ മതി.
5. മുൻപ് ഏതെങ്കിലും ലൈബ്രറിയിൽ അപ്രന്റീസ് ട്രെയ്നി ആയി ജോലി ചെയ്തവർ അപേക്ഷിക്കേണ്ടതില്ല.